നമ്പർ. സി1/17084/റ്റി.സി/2009

ട്രാൻസ് പോർട്ട് കമ്മീഷണറേറ്റ്,കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 02.01.2010

പ്രേഷകൻ

ട്രാൻസ് പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - ബസ്സുകളിൽ പിടിച്ച് നിൽക്കുന്നതിനുള്ള കമ്പികളുടെ ഉയരം കുറയ്ക്കണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന: 21.12.2009 ലെ ഗവൺമെന്റ് കത്ത് നം. 10566/ബി2/08/ഗതാഗതം

മേൽ പറഞ്ഞ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പുതിയതായി നിരത്തിലിറങ്ങുന്ന ബസുകളിലുള്ള പിടിച്ച് നില്ക്കുന്നതിനുള്ള കമ്പി ശരാശരി ഉയരമുള്ള ഒരാൾക്ക് പോലും എത്തിപ്പിടിക്കാൻ കഴിയാത്തത്ര ഉയരത്തിലായതിനാൽ ഇത് സ്ത്രീകൾക്കും, കുട്ടികൾക്കും, ഉയരം കുറവായവർക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ആയതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് ബഹുമാനപ്പെട്ട വനിത കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് ഈ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

കേരള മോട്ടോർ വാഹന ചട്ടം 281 അനുസരിച്ച് എല്ലാ സ്റ്റേജ് കാരിയേജുകളിലും അനുയോജ്യമായ രീതിയിൽ മുറുക്കപ്പെട്ട ഹാംഗർ സ്ട്രാപ്പോടുകൂടിയ പിടിച്ചുനില്ക്കാനുള്ള കമ്പി (Grab rail) ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ ഉദ്യോഗസ്ഥരും സ്വന്തം അധികാരപരിധിയിൽ സർവ്വീസ് നടത്തുന്ന സ്റ്റേജുകാരിയേജുകളിലെ പിടിച്ച് നില്ക്കുവാനുള്ള കമ്പിയിൽ ഹാംഗർ സ്ട്രാപ്പ് ഉറപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ഹാംഗർ സ്ട്രാപ്പ് ഘടിപ്പിക്കാത്ത വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

11-1-2010